പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 186        11-06-12 ൽ മറുപടിക്ക്

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.പാലോട് രവി : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) | കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് നിശ്ചിത രോഗങ്ങൾക്ക് ചികിത്സ തേടുന്ന പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്ന ഒരു പദ്ധതിയാണ് ഇത്. മാരകരോഗങ്ങള ിൽപ്പെട്ട് ചികിത്സാ ചെലവ് കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവർക്ക് ഇതിലൂടെ ലഭിക്കുന്ന ധനസഹായം വലിയ ഒരു ആശ്വാസമാകും. |
| (ബി) | ഏതെല്ലാം അസുഖങ്ങൾക്കാണ് ഇതുവഴി സഹായം ലഭിക്കുന്നത് ; | (ബി) | ഹൃദ്രോഗം, ക്യാൻസർ, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗത്തിലുള്ള ചികിത്സ എന്നിവയ്ക്ക് ചികിത്സ ധനസഹായം ലഭിക്കും |
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നത് ; | (സി) | വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കും |
| (ഡി) | ഇതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത് എവിടെ നിന്നാണ് ; | (ഡി) | കാരുണ്യ പ്രതിവാര ഭാഗ്യക്കുറിയിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത് |
| (ഇ) | കൂടുതൽ അസുഖങ്ങളെ ഉൾപ്പെടുത്തുന്നതിനും ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ ആലോചിക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ